# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശാന്തൻപാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-IDK P4 719/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 03/07/2025
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശാന്തൻപാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-IDK P4 719/2025 തീയ്യതി: 03/07/2025

## ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2024 മുതൽ 17-05-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-05-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രശ്മി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 19-05-2025 | 23-05-2025 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-05-2025 | 23-05-2025 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ.ഷാന്റി ജോർജ്, ഓഡിറ്റ് ഓഫീസർ

ശ്രീ.അഭിലാഷ് എം.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സാമുവൽ രാജ് ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ഷൈനി എം.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ലിജു വർഗ്ഗീസ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ റംഷാദ് എ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിനീത കെ.എൻ | അഗ്രികൾച്ചർ ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ അനീഷ കെ.എൻ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ അതുല്ല്യ രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2024 | 07-08-2024 |
| ഡോ ഷെറിൻ എം.ആർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 08-08-2024 | 31-03-2025 |
| ഡോ ഷിമ ഷാജു ഇ.എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ശ്രീമതി കാവ്യശ്രീ കെ.എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 21-04-2024 |
| ശ്രീമതി വിൻസി സ്ക്കറിയ | ഐ സി ഡി എസ് സൂപ്പർവൈസർ | 22-04-2024 | 31-03-2025 |
| ശ്രീ സുൽത്താൻ ഇബ്രാഹിം | ഹെഡ്മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീ അബ്ദുൾ  സമദ് പി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ സിദ്ദിഖ് എം.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 08-09-2024 |
| ശ്രീ ബൈജു റ്റി.പി | അസിസ്റ്റന്റ് സെക്രട്ടറി | 09-09-2024 | 31-03-2025 |
| ശ്രീമതി ജാസ്മിൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 13-08-2024 |
| ശ്രീ വൈശാഖ് വി.എൽ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 14-08-2024 | 31-03-2025 |
| ശ്രീ അജിത്ത് കുമാർ എം.എസ് | വി.ഇ.ഒ (ശാന്തൻപാറ സർക്കിൾ | 01-04-2024 | 27-09-2024 |
| ശ്രീ.ജിജോ ജോയി | വി.ഇ.ഒ (പൂപ്പാറ സർക്കിൾ അധിക ചുമതല) | 28-09-2024 | 31-03-2025 |
| ശ്രീ.മനോജ് കെ. | വി.ഇ.ഒ. (പൂപ്പാറ സർക്കിൾ | 01-04-2024 | 12-09-2024 |
| ശ്രീ.ജിജോ ജോയി | വി.ഇ.ഒ(പൂപ്പാറ സർക്കിൾ) | 13-09-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ  പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ജേണൽ  വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ  ഇല്ല | 1-1-4 |
| 6 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയില്ല | 1-1-5 |
| 7 | ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ആസ്തി ബാധ്യതാ കണക്കുകൾ  കൃത്യമല്ല | 1-1-7 |
| 9 | കാലഹരണപ്പെട്ട ലൂണശീർഷ വരവുകൾ  ബാദ്ധ്യതയായി തുടരുന്നു | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സ്രോതസിൽ  നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ വരവിലെടുത്തിട്ടില്ല. | 1-3-1 |
| 12 | ഗ്രാന്റ് വിനിയോഗം | 1-3 |
| 13 | പദ്ധതി അവലോകനം | 1-4 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 15 | ക്ഷേമപെൻഷൻ | 1-6 |
| 16 | ക്യാഷ്  പരിശോധന | 1-7 |
| 17 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 18 | തനതുവരുമാനം പലിശരഹിത അക്കൌണ്ടിൽ  സൂക്ഷിക്കുന്നു | 1-9 |
| 19 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പുതുക്കി സൂക്ഷിക്കുന്നില്ല. | 1-10 |
| 20 | റിസോർട്ടുകൾ  ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-11 |
| 21 | താമസ്സാവശ്യം എന്ന നിലയിൽ പെർമിറ്റ് എടുത്ത് നമ്പർ ലഭ്യമായ ശേഷം മറ്റ് ഉപയോഗങ്ങൾക്കായി കെട്ടിടങ്ങൾ മാറ്റുന്നു | 1-12 |
| 22 | കെ-സ്മാർട്ട് സംബന്ധിച്ച് | 1-13 |
| 23 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല | 1-14 |
| 24 | ഓണം അഡ്വാൻസ് തിരികെ ഒടുക്കിയിട്ടില്ല. | 1-15 |

| | | |
|---|---|---|
| 25 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു | 1-16 |
| 26 | ലൈഫ് ഭവന പദ്ധതി -വിവിധ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-17 |
| 27 | അമൃതം ന്യൂട്രിമിക്സ് -അനർഹമായി വിതരണക്കാർക്ക് ജി.എസ്.ടി തുക നൽകി.തടസ്സം ₹22749/- | 1-18 |
| 28 | നോട്ട് എണ്ണൽ മെഷ്യൻ വാങ്ങിയത്- അപാകത | 1-19 |
| 29 | എസ്.റ്റി. വിദ്യാർത്ഥികൾക്ക് പഠനമുറി - പ്രവൃത്തി പൂർത്തിയാക്കിയില്ല, ₹510000/- യുടെ ചെലവ് തടസ്സം. | 1-20 |
| 30 | സാനിറ്ററി പാഡ് ഡിസ്ട്രോയർ പദ്ധതി- നിർവ്വഹണത്തിലെ അപാകത-ചെലവ് തടസ്സം ₹91090/- | 1-21 |
| 31 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല | 1-22 |
| 32 | നൽകുന്ന ലാപ്ടോപ്പുകളുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല | 1-23 |
| 33 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായില്ല | 1-24 |
| 34 | വനിതാ വിപണന കേന്ദ്രം പദ്ധതി ഉപയോഗപ്രദമാക്കിയിട്ടില്ല | 1-25 |
| 35 | കാലിവീപ്പ വില,ചരക്കു-സേവന നികുതി എന്നിവ സർക്കാരിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ് | 1-26 |
| 36 | പഴയ മോട്ടോർ പഞ്ചായത്ത് സെക്രട്ടറിക്കു കൈമാറി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-27 |
| 37 | കാലതാമസം വരുത്തിയതിന് കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയില്ല | 1-28 |
| 38 | ഇ-ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല | 1-29 |
| 39 | പട്ടികജാതി തൊഴിൽ പരിശീലന കേന്ദ്രം ഉപയോഗപ്രദമാക്കിയില്ല | 1-30 |
| 40 | ജലജീവൻ മിഷൻ പദ്ധതി അവലോകനം | 1-31 |
| 41 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് നൽകിയ തുകയുടെ വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 4 | വായ്പ വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ  അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ) (എഫ്)എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണ സമിതിയുടെ 7.05.2025-ലെ 2(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 7.05.2025-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31-03-2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന ധനകാര്യപത്രിക ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും, അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. ധനകാര്യപത്രിക വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. ധനകാര്യപത്രികയിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും

വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

lii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക ധനകാര്യപത്രിക സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ,
തീയതി. 03.07.2025

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹6827587/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹11645570/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-3 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രു ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം ജേണലിലൂടെ ക്രമീകരണങ്ങൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

### 1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം ജേർണ്ണൽ വൗച്ചർ പ്രകാരം വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരികരിക്കപ്പെട്ട വൗച്ചറുകളൊ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളൊ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നൊ കൃത്യമാണെന്നോ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

1-1-5 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

നികുതിയായി നിർണയിച്ച വൻതുക ഈടാക്കാൻ അവശേഷിക്കുന്നുവെങ്കിലും കുടിശ്ശികയ്ക്ക് അനുസൃതമായി ബാലൻസ് ഷീറ്റിൽ (ഷെഡ്യൂൾ ബി-15(എ) പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-6 ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ഡിമാന്റ് രജിസ്റ്ററുകളിൽ നിർണയിച്ചിട്ടുള്ള അന്തിമ തുകകൾ ( ഡിമാന്റ് -പിരിവ്- കുടിശ്ശിക തുകകൾ) ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. ആകയാൽ വിവിധ വരവിനങ്ങളുടെ അന്തിമ തുകകളുടെ ആധികാരികത വ്യക്തമല്ല.

1-1-7 ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യപത്രികയിൽ നൽകിയിട്ടുള്ള ആസ്തി-അവയുടെ മൂല്യശോഷണ കണക്കുകൾ കൃത്യമല്ല.

1-1-8 കാലഹരണപ്പെട്ട ഋണശീർഷ വരവുകൾ ബാദ്ധ്യതയായി തുടരുന്നു

കാലഹരണപ്പെട്ട നികുതിയായ വാറ്റ് ഇനത്തിൽ തുക സർക്കാർ ഫണ്ടിലേക്ക് ക്രമീകരിക്കാനുള്ളതായി (₹24487/-)ധനകാര്യപത്രികയുടെ ബി-9-ൽ കാണുന്നു. തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീരുമാന നമ്പർ /തീയതി |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 1, 30-1-2024 |
| ഭരണസമിതി അംഗീകാരം | 1, 6-2-2024 |
| ബജറ്റ് പുതുക്കൽ | 7(1)/4-3-2025 |

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 11843936 |
| വരവ് | 289280082 |
| ആകെ | 301124018 |
| ചെലവ് | 297425120 |
| നീക്കിയിരിപ്പ് | 3698898 |

1-3-1 സ്രോതസിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ വരവിലെടുത്തിട്ടില്ല.

സ്രോതസിൽ നിന്നും വിവിധ പദ്ധതികൾക്കായി കുറവ് ചെയ്തിട്ടുള്ള തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും പ്രസ്തുത തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | പദ്ധതി | തുക |
|---|---|---|
| വികസനഫണ്ട് - (ജനറൽ) | ലൈഫ് ഭവന പദ്ധതി | 2545003 |
| വികസനഫണ്ട് - (ജനറൽ) | അങ്കണവാടി ജീവനക്കാർക്ക് അധിക വേതനം | 1182600 |
| വികസനഫണ്ട് - (ജനറൽ) | ശുചിത്വ മിഷൻ കോൺക്ലേവ് | 50000 |
| വികസനഫണ്ട് - (എസ്.സി.പി) | ലൈഫ് ഭവന പദ്ധതി | 954056 |
| വികസനഫണ്ട് - (റ്റി.എസ്.പി) | ലൈഫ് ഭവന പദ്ധതി | 214730 |

1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | അലോട്ട്മെന്റ് / വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 21000000 | 21000000 | 17593259 | 3406741 |
| വികസനഫണ്ട് എസ്.സി. പി | 0 | 11345000 | 11345000 | 10309782 | 1035218 |
| വികസന ഫണ്ട് റ്റി.എസ്.പി | 0 | 1009270 | 1009270 | 1107403 | -98133 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 7444000 | 7444000 | 6127085 | 1316915 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 16207000 | 16207000 | 1690670 | 14516330 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 2655861 | 7338500 | 9994361 | 4636687 | 5357674 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 179070 | 3682750 | 3861820 | 1737756 | 2124064 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് (പലിശ ഉൾപ്പെടെ) (320100202) | 15287 | 303089 | 318376 | 0 | 318376 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് (ഇൻഫ്രാസ്ട്രക്ച്ചർ) | 21759 | 497015 | 518774 | 14559 | 504215 |

| | | | | | |
|---|---|---|---|---|---|
| (320100204) | | | | | |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് (പി.എച്ച്.സി) (320100202) (പലിശ മാത്രം) | 0 | 241 | 241 | 59 | 182 |
| ഐ.സി.ഡി.എസ് | 1143354 | 2157095 | 3300449 | 1397056 | 1903393 |
| സമ്പൂർണ്ണ ശുചിത്വം (320300103) | 645200 | 2616 | 647816 | 0 | 647816 |
| ശുചിത്വമിഷൻ ഗ്രാന്റ് (സ്നേഹാരാമം) | 5000 | 311398 | 316398 | 0 | 316398 |
| ആയുർവേദ വകുപ്പ് | 10503 | 0 | 10503 | 0 | 10503 |
| ശാന്തൻപാറ ഗവൺമെന്റ് കോളേജ് ബിൽഡിംഗ് ഫണ്ട് | 25897 | 0 | 25897 | 0 | 25897 |
| വാതിൽപ്പടി സേവനം | 500 | 0 | 500 | 0 | 500 |
| നാഷണൽ റൂറൽ ഹെൽത്ത് മിഷൻ | 0 | 500000 | 500000 | 500000 | 0 |
| സമ്പൂർണ്ണ ശുചിത്വം | 0 | 2713 | 2713 | 0 | 2713 |
| സമ്പൂർണ്ണ ശുചിത്വം (320100181) | 2596 | 0 | 2596 | 0 | 2596 |
| മറ്റ് പദ്ധതികൾ | 645032 | 0 | 645032 | 0 | 645032 |
| സമ്പൂർണ്ണ ശുചിത്വം (320100181) | 2596 | 0 | 2596 | 0 | 2596 |
| സമ്പൂർണ്ണ ശുചിത്വം (320100182) | 0 | 2713 | 2713 | 0 | 2713 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകൾ, ബജറ്റ് എന്നിവ അടിസ്ഥാനപ്പെടുത്തിയാണ് കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

1) സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ചെലവിൽ ഈ തുക ഉൾപ്പെടുത്തിയിട്ടുമുണ്ട്.

2) കേന്ദ്രസംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.

3) വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്കിലുള്ള ജേണൽ എൻട്രികൾക്ക് ആധാരമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

4) സമ്പൂർണ്ണ ശുചിത്വം പലിശയിനത്തിലുള്ള വരവ് തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു. (320100181, 320100182)

## 1-4 പദ്ധതി അവലോകനം

2024-25 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തിയാകാതെ ഉപേക്ഷിച്ച പ്രോജക്റ്റുകളുടെ (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 212 | 179492209 | 174 | 70932209 | ഇല്ല | 38 | 39.52 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയ പദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ്₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 13 | 4664841 | 4074910 | 87.35 |
| വെറ്ററിനറി സർജൻ | 4 | 4 | 2210339 | 1365339 | 61.77 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 9 | 7 | 2842692 | 1990139 | 70.01 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 6 | 6 | 1090000 | 1089985 | 99.99 |
| ICDS സൂപ്പർവൈസർ | 9 | 7 | 6027750 | 4532653 | 75.20 |
| വി.ഇ.ഓ | 15 | 12 | 96487104 | 10394195 | 10.77 |
| ക്ഷീരവികസന ഓഫീസർ | 1 | 1 | 1400000 | 597420 | 42.67 |
| സെക്രട്ടറി | 57 | 47 | 11425168 | 10590899 | 92.70 |
| ഹെഡ്മാസ്റ്റർ | 3 | 3 | 520000 | 447452 | 86.05 |
| അസി.എഞ്ചിനീയർ | 79 | 60 | 48312835 | 33215282 | 68.75 |
| അസി.സെക്രട്ടറി | 15 | 13 | 4411480 | 2601935 | 58.98 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 100000 | 32000 | 32.00 |
| ആകെ | 212 | 174 | 179492209 | 70932209 | 39.52 |

ജില്ലാ ആസൂത്രണ സമിതിയുടെ 02/02/2024-ലെ 677/2024/DPC/DPO/IDK അന്തിമ ഉത്തരവ് പ്രകാരം വിവിധ ഫണ്ടുകൾ വകയിരുത്തിയ 212 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. അതിൽ 174 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹179492209/-ൽ ₹70932209/- മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 01 | 1579149 | 1579150 | 1579150 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 29246601 | 29246601 | 29246601 | 0 |

## 1-6 ക്ഷേമപെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 38000 | 25 |
| വിധവാ പെൻഷൻ | 11756000 | 612 |
| വാർദ്ധക്യകാല പെൻഷൻ | 19634300 | 1022 |
| വികലാംഗ പെൻഷൻ | 2496900 | 130 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 48000 | 3 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.05.2025-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹7524/- (ഏഴായിരത്തി അഞ്ഞൂറ്റി ഇരുപത്തിനാല് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തുവാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര - ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. നികുതി നികുതിയേതര വരവുകളുടെ രജിസ്റ്ററിൽ ഡി സി ബി തയ്യാറാക്കിയിട്ടില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക

ഭൗതിക പരിശോധനയും നടത്തുന്നില്ല.

വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല. ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 123, 124 എന്നിവ പ്രകാരം ഓരോ സാമ്പത്തിക വർഷത്തിന്റെ അവസാനവും അടുത്ത സാമ്പത്തിക വർഷത്തേക്ക് വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് മുൻകൂട്ടി നടത്തണമെന്നും അതനുസരിച്ച് ഇൻഡന്റ് തയ്യാറാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 08.11.2010-ലെ സ.ഉ.(അ)259/2010/തസ്വഭവ. പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ നടത്തണം [2.3.(B)]. എന്നാൽ, വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല.

സമാനമായ വിവിധ വാങ്ങൽ പ്രോജക്ടുകൾ ഒറ്റ പ്രോജക്ടായി ആവിഷ്കരിക്കാതെ പല പ്രോജക്ടുകളായി ആണ് ആവിഷ്കരിച്ചിട്ടുള്ളത്. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നികുതി പിരിവ് അവലോകനം നടത്താറുണ്ടെങ്കിലും തനതു വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിലുള്ള നിർദ്ദേശങ്ങളോ മറ്റ് വരുമാന സ്രോതസ്സുകളെപ്പറ്റിയുള്ള ചർച്ചകളോ ഉണ്ടായിട്ടില്ല.

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിലെ ഓഡിറ്റ് പരാമർശങ്ങളും മറ്റ് തടസ്സങ്ങളും പരിഹരിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-9 തനതുവരുമാനം പലിശരഹിത അക്കൌണ്ടിൽ സൂക്ഷിക്കുന്നു

ഓൺലൈനായി ഒടുക്കുന്ന നികുതി/നികുതിയിതര വരുമാനം സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് എസ്.ബി.ഐ. രാജകുമാരി ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് (നം.36885099721) ഇ -പേയ്മെന്റിനായി പരിപാലിക്കുന്നുണ്ട്. പ്രസ്തുത അക്കൗണ്ട് കറണ്ട് അക്കൗണ്ടായതിനാൽ പലിശ ഇനത്തിലുള്ള വരുമാനം ലഭിക്കുന്നില്ല. 31.03.2025 വരെയുള്ള പാസ്സ് ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം എസ്.ബി.ഐ. അക്കൗണ്ടിൽ ₹9,66,403/- യും 21.05.2025 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം ₹10,06,186/- യും അവശേഷിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ഇത്തരത്തിൽ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതു വഴി ഗണ്യമായ തുക പലിശയിനത്തിൽ ഇതിനോടകം നഷ്ടപ്പെട്ടിട്ടുണ്ട്. നികുതിയിനത്തിലെ നീക്കിയിരിപ്പ് അടിയന്തിരമായി പിൻവലിച്ച് തനത് ഫണ്ട് സൂക്ഷിക്കുന്ന സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ, സ്ഥിരനിക്ഷേപമാക്കി മാറ്റുകയോ ചെയ്ത് പലിശ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 ട്രേഡ്സ് ലിസ്റ്റ് തയ്യാറാക്കി പുതുക്കി സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി പരിപാലിക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ ലൈസൻസ് അപേക്ഷകൾ പരിശോധിച്ച വേളയിൽ അപേക്ഷയിലെ ഉപയോഗക്രമവും ടി കെട്ടിടങ്ങളുടെ സഞ്ചയയിലെ ഉപയോഗക്രമവും വ്യത്യാസപ്പെട്ടിരിക്കുന്നതായി ബോധ്യപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. / പേര് | കെട്ടിട ഉടമസ്ഥൻ | പെർമിറ്റ് | ലൈസൻസ് അപേക്ഷ പ്രകാരം | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം | വിസ്തീർണം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 3/439, ഹോൺബിൽ റിസോർട്ട്, തോണ്ടിമല, | സ്റ്റീഫൻ ബേബി, വെള്ളരിങ്ങാട്ട് കുത്തുകുഴി പി.ഒ., കോതമംഗലം | - | റിസോർട്ട് | ഹോംസ്റ്റേ | 55.62 | 2017 ഒന്നാം അർദ്ധ വർഷം മുതൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 3/516 | സ്റ്റീഫൻ ബേബി, വെള്ളരിങ്ങാട്ട് കുത്തുകുഴി പി.ഒ., കോതമംഗലം | SC3/2098/24/ 24.08.2024 | റിസോർട്ട് | ഹോംസ്റ്റേ | 39.9 | 2024 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 13/344 | ഷീബ വിൽസൺ | - | റിസോർട്ട് | ഹോംസ്റ്റേ | 282 | (2013 മുതൽ) |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ്(നം. 6/21.05.2025)ന് മേൽ പട്ടികയിലെ കെട്ടിടങ്ങൾക്ക് സഞ്ചയ സോഫ്റ്റ്വെയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉപയോഗക്രമമാണ് എന്നറിയിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മുതൽ റിസോർട്ട് എന്നത് മാറ്റി ഹോംസ്റ്റേ കാറ്റഗറിയിൽ ലൈസൻസ് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പുതുക്കിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 റിസോർട്ടുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 115 കെട്ടിടങ്ങൾ റിസോർട്ടായി പ്രവർത്തിക്കുന്നുണ്ട്. 2024-25 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ഏതാനും റിസോർട്ടുകൾ മാത്രമാണ് ലൈസൻസോടെ പ്രവർത്തിക്കുന്നത്.

ചുവടെ ചേർത്തിരിക്കുന്ന റിസോർട്ടുകൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു.

| ക്രമ നം. | വാർഡ് നം./കെട്ടിട നം. | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 2/453-2/458 | സെബാസ്റ്റ്യൻ ജോസഫ് |
| 2 | 3/459 | ബിബൻ സെബാസ്റ്റ്യൻ |
| 3 | 3/465 - 467, 3/504 - 506 | സ്റ്റീഫൻ ബേബി |
| 4 | 4/338 | യാസ്മിൻ ജോർജ് |
| 5 | 5/551/A | വി വി മാണിക്യം |
| 6 | 7/42 | ഹരികൃഷ്ണൻ, ബീന |
| 7 | 7/42 A | ലളിത ജയറാം |
| 8 | 7/43 | ഗൗതം വേണുഗോപാൽ |
| 9 | 7/45 | വിജയ കുമാർ |
| 10 | 7/46 | ഇന്ദു ശേഖർ |
| 11 | 7/47 | ഹരിദാസ് |
| 12 | 7/48 | യോന |
| 13 | 7/49 | മൈനർ ജോഷ്വാ |

| | | |
|---|---|---|
| 14 | 7/50 | മാത്യു |
| 15 | 7/51 | ശശികല |
| 16 | 7/52, 714 E3 | ശ്രീകല |
| 17 | 7/541 F, G | അബ്ദുൾ ഖാദർ |
| 18 | 714 E1 | റാം മോഹൻ |
| 19 | 714 E2 | മുഹമ്മദ് അബ്ദുൾ റഹ്മാൻ |
| 20 | 714 E4 | അനിൽ ബാബു |
| 21 | 714 E5 | സെഫി |
| 22 | 714 E6 | ഗീതാഞ്ജലി |
| 23 | 714 E7 | സാമുവേൽ |
| 24 | 9/460 | മീനു മോഹനൻ |
| 25 | 9/461, 462 | വിനോദ് |
| 26 | 13/413, 414, 446 | രാജേഷ് ബാബു |
| 27 | 13/442 | ഷെന്നി പോൾ, ബെന്നി വർഗീസ്, തോമസ് |

മേൽ പട്ടികയിലെ റിസോർട്ടുകൾക്ക് ലൈസൻസ് ഉണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതും ലൈസൻസ് ഇല്ലായെങ്കിൽ ലൈസൻസ് എടുക്കാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ അനുവദിച്ചതിന് വിശദീകരണവും ലൈസൻസ് എടുക്കുന്നതിന് സ്വീകരിച്ച നടപടികളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പി(നം.19/22.05.2025)ന് ചുവടെ ചേർക്കുംപ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ക്രമ നം. 1 ലെ കെട്ടിട ഉടമയോട് 2024-25, 2025-26 വർഷങ്ങളിലേക്ക് ലൈസൻസ് എടുക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ക്രമ നം. 2,3,26, 27 എന്നീ കെട്ടിടങ്ങൾക്ക് 2024-25 വർഷം ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്നും ക്രമ നം. 4, 5,24, 25 എന്നീ കെട്ടിടങ്ങൾ പ്രവർത്തിക്കാതെ പൂട്ടിക്കിടക്കുകയാണെന്നും 7/42, 7/42 A, 7/43, 7/45,7/46-7/52, 7/54 , 7/541 F, G, 714 E1 -714E 7കോവിഡ് വ്യാപനത്തിന് ശേഷം തുറന്ന് പ്രവർത്തിക്കുന്നില്ല, ഉടമസ്ഥത തർക്കം നിലനിൽക്കുന്നുവെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട് . 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

1-12 താമസ്സാവശ്യം എന്ന നിലയിൽ പെർമിറ്റ് എടുത്ത് നമ്പർ ലഭ്യമായ ശേഷം മറ്റ് ഉപയോഗങ്ങൾക്കായി കെട്ടിടങ്ങൾ മാറ്റുന്നു

1993- ലെ കേരള ഭൂപതിവ് ചട്ടങ്ങൾ അനുസരിച്ച്, ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 5,6,7 (ഭാഗികം),8,9,10 വാർഡുകളിൽ താമസ്സേതര കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നിയന്ത്രണമുള്ളതാണ്. താമസ്സാവശ്യം എന്ന നിലയിൽ പെർമിറ്റ് എടുത്ത് നമ്പർ ലഭ്യമായ ശേഷം മറ്റ് ഉപയോഗക്രമങ്ങളിലേക്ക് മാറ്റുന്നതിനും, കെട്ടിടത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനും വൻതോതിൽ ശ്രമങ്ങൾ നടക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിൽ ശങ്കപ്പൻപാറ പുത്തടിയിൽ 2022-23 സാമ്പത്തികവർഷം ശ്രീ. ജിമ്മി കെ.ഐ, കുഴിയാഞ്ഞാൽ, ഞാറള്ളൂർ, പട്ടിമറ്റം, കുന്നത്തുനാട് എന്ന വ്യക്തിക്ക് പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി 122 ച.മീ. കെട്ടിടം നിർമ്മിക്കുന്നതിന് പെർമ്മിറ്റ് അനുവദിച്ചിട്ടുണ്ട് (നം.B2-BA(378698)/22തീ.30.11.22),. ഉടുമ്പൻചോല ഭൂരേഖ തഹസിൽദാരുടെ 17.08.2022 ലെ TLKUDM/7187/2022-G6 നമ്പർ നിരാക്ഷേപസാക്ഷ്യപത്രം പ്രകാരമാണ് പെർമിറ്റ് അനുവദിച്ചത്. ശാന്തമ്പാറ വില്ലേജ് ഓഫീസറുടെ 346/22 നം.കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം 124/4-2,124/5-3, 124/5-4 സർവ്വേ നമ്പരുള്ള ടി സ്ഥലം കേരള ഭൂപതിവ് നിയമം 1960, 1964ലെ ചട്ടം 9(2) പ്രകാരം കൃഷി ആവശ്യത്തിനും വീട് വച്ച് താമസിക്കുന്നതിനുമുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. താഴത്തെ നില 122 ച.മീ, ഒന്നാം നില 152 ച.മീ. എന്നിങ്ങനെ ആകെ 274 ച.മീ. അളവിൽ കെട്ടിട നിർമ്മാണത്തിനാണ് ഉടുമ്പൻചോല തഹസിൽദാർ പ്ലാൻ അംഗീകരിച്ചതെങ്കിലും നിലവിൽ താഴത്തെ നില 148.38 ച.മീ അളവിലും ഒന്നാം നില 147.07 അളവിലും ആകെ 295.45 അളവിൽ കെട്ടിടം പൂർത്തീകരിച്ച് ഹാജരാക്കിയ കംപ്ലീഷൻ പ്ലാനും നിലവിലുള്ള വാസഗൃഹത്തിന് മുകളിൽ 152. ച.മീ. വിസ്തീർണമുള്ള ഒന്നാം നില നിർമിക്കുന്നതിനുള്ള തഹസിൽദാരുടെ 7.10.2023 ലെ TLKUDM/4873/2023-G6 നമ്പരിലുള്ള നിരാക്ഷേപ സാക്ഷ്യപത്രവും ഹാജരാക്കിയിരുന്നു. താഴത്തെ നിലയിൽ 21.45 ച.മീ. അധിക നിർമാണം അംഗീകരിച്ചുകൊണ്ടുള്ള ഉടുമ്പൻചോല ഭൂരേഖ തഹസിൽദാരുടെ നിരാക്ഷേപ സാക്ഷ്യപത്രവും താഴത്തെ നിലയും ഒന്നാം നിലയും 122.65 ച.മീ. അളവിലുള്ള ആകെ 245.3 ച.മീ.അളവിൽ കംപ്ലീഷൻ പ്ലാനും പുന: സമർപ്പിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടം 2019 പ്രകാരമുള്ള എല്ലാ ചട്ടങ്ങളും പാലിച്ചിട്ടുണ്ടെന്ന ശാന്തൻപാറ എൽ.ഐ.ഡി. ആന്റ് ഇ.ഡബ്ല്യൂ സെക്ഷൻ ഓവർസീയറുടെ കുറിപ്പനുസരിച്ച് അധിക നിർമാണത്തിന് റെഗുലറൈസേഷൻ ഫീസ് ഈടാക്കി കെട്ടിടത്തിന് 8/526 എന്ന നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വേളയിൽ ഗ്രാമപഞ്ചായത്തിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 21.05.2025-ന് നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രസ്തുത കെട്ടിടം ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുന്ന അവസ്ഥയിൽ കാണപ്പെട്ടു. ഈ കെട്ടിടത്തിന്റെ നിർമാണവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.23/22.05.2025)ന് ലഭ്യമാക്കിയ മറുപടിയിൽ ടി വ്യക്തിക്ക് പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി കെട്ടിട നമ്പർ (8/526) അനുവദിച്ചത് നിയമപ്രകാരമുള്ള എല്ലാ രേഖകൾ പരിശോധിച്ചും നടപടിക്രമങ്ങൾ പാലിച്ചുമാണ് എന്നും നാളിതുവരെ ഈ കെട്ടിടം ഹോംസ്റ്റേ ആയോ റിസോർട്ടായോ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നും വീട്ടുകാർ ഇടയ്ക്കിടെ താമസിക്കുന്നതായാണ് അറിയാൻ സാധിച്ചതെന്നും . ഹോംസ്റ്റേ ആയോ റിസോർട്ടായോ

ഉപയോഗിക്കുന്നതായി അറിയുന്ന പക്ഷം കെട്ടിട നമ്പർ ക്യാൻസൽ ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ ചിത്രം ചുവടെ ചേർക്കുന്നു.







രണ്ടാം നിലയുടെ നിർമാണത്തിനായി ബീം വാർത്തിട്ടിരിക്കുകയാണ്. പ്രഥമ ദൃഷ്ടിയിൽ തന്നെ പാർപ്പിടാവശ്യത്തിനുള്ള നിർമാണമല്ല നടന്നിട്ടുള്ളതെന്നും ഭാവിയിൽ ഹോംസ്റ്റേ/റിസോർട്ട് ആയി ഉപയോഗിക്കുവാൻതക്ക രീതിയിൽ നിർമാണപ്രവർത്തനങ്ങൾ നടത്തുകയാണെന്നും മനസിലാക്കുന്നു. 2019-ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ )ചട്ടങ്ങൾ, ചട്ടം 21 അനുസരിച്ച്, രണ്ടു നില വരെയുള്ള താമസാവശ്യ കെട്ടിടങ്ങൾ, 50 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, മതപരമായ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ഗ്രൂപ്പ് ജി 2, ഗ്രൂപ്പ് ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ- ഇവ ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്കുപെൻസി ഓഡിറ്റ് നടത്തേണ്ടതാണ്. പോസ്റ്റ് ഒക്കുപെൻസി ഓഡിറ്റ് നടത്തി ചട്ടപ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-13 കെ-സ്മാർട്ട് സംബന്ധിച്ച്

01.04.2025ൽ ഗ്രാമപഞ്ചായത്തിൽ കെ സ്മാർട്ട് നടപ്പിലാക്കിയ സാഹചര്യത്തിൽ ക്രമ നം. 3, 4, 6-ൽ വിവരിച്ചിരിക്കുന്ന കെ-സ്മാർട്ടിന്റെ പ്രയോജനങ്ങൾക്കൊപ്പംതന്നെ ചുവടെ ചേർക്കുന്ന പ്രായോഗിക

ബുദ്ധിമുട്ടുകളും നേരിടുന്നുണ്ട്.

1) കെ സ്മാർട്ട് എന്ന സമഗ്രമായ ഒരു സോഫ്റ്റ്‌വെയർ സംവിധാനത്തിലേക്ക് പഞ്ചായത്ത് മാറിയപ്പോൾ മുന്നിരിപ്പ് ഉൾപ്പെടുത്തി അതാത് സമയത്ത് വരവിനങ്ങളുടെ ഡിമാന്റ് രേഖപ്പെടുത്തുന്നതിനും മാസാന്ത്യ ബാങ്ക്/ട്രഷറി റിക്കൺസീലിയേഷൻ നടത്തുന്നതിനും കഴിയുന്നില്ല.

2) ഒരു കോൺട്രാ എൻട്രിയിൽ തെറ്റ് സംഭവിച്ചാൽ ആയത് കറക്ട് ചെയ്യുന്നതിനോ ആയതിന് പകരം ചെയ്യുന്നതിനോ ഉള്ള ക്രമീകരണം കെ സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) ബാങ്കിൽ നേരിട്ട് ലഭിക്കുന്ന തുകയ്ക്ക് കെ സ്മാർട്ടിൽ റസീപ്റ്റ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്

4) തെറ്റായ ഹെഡ്ഡിൽ തുക റസീപ്റ്റ് ചെയ്താൽ ജേണൽ ചെയ്ത് കറക്ട് ചെയ്യുന്നതിനുള്ള സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്

5) ജനറൽ പർപ്പസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുതലായവക്ക് റസീപ്റ്റ് ചെയ്യുവാൻ സാധിക്കുന്നില്ല

6) പഞ്ചായത്തിൽ ഒടുക്കുന്ന തുകയുടെ ഒരു ഭാഗം Cheque/Demand Draft/GPAY ആയും മറ്റൊരു ഭാഗം ക്യാഷ് ആയും വരവ് വെയ്ക്കുവാൻ സാധിക്കുന്നുണ്ട്

കെ-സ്മാർട്ടിൽ റീകൺസിലിയേഷൻ ചെയ്യുന്നതിന് സൗകര്യം പൂർണമായും ലഭിക്കുകയും ജീവനക്കാർക്ക് കെ-സ്മാർട്ടിൽ റീകൺസിലിയേഷൻ ചെയ്യുന്നതിനുള്ള പരിശീലനവും ലഭിച്ചാൽ മാത്രമേ റീകൺസിലിയേഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും കോൺട്രാ തെറ്റാനുള്ള സാഹചര്യം ഇല്ലായെന്നും ക്യാഷ് കോൺട്രാ ചെയ്യുന്നതിന് തീയതി രേഖപ്പെടുത്തി ക്യാഷ് അടച്ച ചെലാൻ അറ്റാച്ച് ചെയ്താൽ മതിയാകുന്നതാണെന്നും ഓഡിറ്റ് അന്വേഷണ കുറിപ്പി (നം.8/21.05.2025)ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെ സ്മാർട്ട് കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് മതിയായ ട്രെയിനിംഗ് നൽകി സുഗമമായ നിർവ്വഹണം നടത്തേണ്ടതാണ്.

1-14 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് നിവാസികളുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നല്കുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു

അക്കൗണ്ടാണ് ദുരിതാശ്വാസ നിധി. എന്നാൽ നാളിതുവരെയും ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ഉദ്ദേശ്യം മുൻ നിർത്തി ചട്ടം 3(2) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അക്കൗണ്ട് രൂപീകരിക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടതാണ്.

1-15 ഓണം അഡ്വാൻസ് തിരികെ ഒടുക്കിയിട്ടില്ല.

സ.ഉ (അച്ചടി) നം.77/2024 തീയതി 6-9-2024 പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും ₹20000/- ഓണം അഡ്വാൻസ് അനുവദിക്കുകയും 2024 ഒക്ടോബർ മാസത്തെ ശമ്പളം മുതൽ അഞ്ച് തുല്യ ഗഡുക്കളായി ഈടാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ജീവനക്കാർ 2025 ഫെബ്രുവരി മാസത്തിലും ഓണം അഡ്വാൻസ് തിരികെ ഒടുക്കിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം | ജിവനക്കാരന്റെ പേര് | അഡ്വാൻസ് തുക | ഒടുക്കിയ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ലിജാ എൽ. ആർ, സീനിയർ ക്ലർക്ക് | 20000 | 8000 | 12000 |
| 2 | സിദ്ധിക്ക്, അസിസ്റ്റന്റ് സെക്രട്ടറി | 20000 | 0 | 20000 |

അഡ്വാൻസ് തുക തിരികെ ഈടാക്കുന്നതിന് ജീവനക്കാർ നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങളിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. അഡ്വാൻസ് തുക എത്രയും വേഗം ഈടാക്കേണ്ടതാണ്.

1-16 വിനിയോഗ വിവരം ലഭ്യമായിട്ടില്ല - തുക തടസ്സപ്പെട്ടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പരാമർശിക്കുന്ന പദ്ധതികൾക്കായി തുക ചെലവഴിച്ചെങ്കിലും തുക അടവാക്കിയ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി | അടങ്കൽ | നൽകിയ തുക | ബിൽ നം & തീയതി | തുക അടവാക്കിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 4/2025 എസ്.എസ്.എ വിഹിതം അടവാക്കൽ | 500000 (പൊതു വിഭാഗം) | 500000 | 24100752010500487977 തീ 01.08.2024 | ബ്ലോക്ക് കോ-ഓർഡിനേറ്റർ, എസ്.എസ്.കെ നെടുംങ്കണ്ടം |
| 2 | 1/2025 ഐ.കെ.എം. വിഹിതം നൽകൽ | 105860 (പൊതു വിഭാഗം) | 105860 | 24100752010501311955 തീ 12.02.2025 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം |

| | | | | | |
|---|---|---|---|---|---|
| | ആകെ | | 605860 | | |

വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ ₹605860/- യുടെ ചെലവ് തടസ്സം ചെയ്യുന്നു. അതാത് സ്ഥാപനങ്ങളിൽ നിന്നും വിശദമായ വിനിയോഗ വിവരം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-17 ലൈഫ് ഭവന പദ്ധതി -വിവിധ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം സബ്സിഡിയുടെ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും താഴെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം പൂർത്തിയാക്കിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | ഐ.ഡി.നം. | കൈപ്പറ്റിയ ആനുകൂല്യം ₹ | അവസാനമായി തുക കൈപ്പറ്റിയ തീയതി | ഭവന നിർമ്മാണ സ്റ്റേജ് |
|---|---|---|---|---|---|
| 1 | കുഞ്ഞമ്മ ആന്റണി<br>ചീരപ്പറമ്പിൽ<br>എസ്റ്റേറ്റ് പൂപ്പാറ | 958988 | 300000 | 16.11.23 | ലിന്റൽ |
| 2 | ചന്ദ്ര<br>എസ്റ്റേറ്റ് പൂപ്പാറ | 958989 | 200000 | 14.6.24 | ബേസ്മെന്റ് |
| 3 | മല്ലിക<br>മൂലത്തുറ<br>പൂപ്പാറ | 825176 | 200000 | 14.6.24 | ബേസ്മെന്റ് |
| 4 | അരസ്യ.കെ<br>മൂലത്തുറ<br>പൂപ്പാറ | 820805 | 40000 | 9.3.23 | ബേസ്മെന്റ് |
| 5 | മരിയം<br>കൈപ്പടക്കുന്നേൽ<br>ചേരിയാർ | 958984 | 40000 | 17.3.23 | ബേസ്മെന്റ് |
| 6 | വിജയകുമാർ<br>പൂപ്പാറ<br>വാർഡ്-12 | 995483 | 200000 | 3.8.23 | ബേസ്മെന്റ് |
| 7 | അന്തോണിസാമി<br>HML കോളനി<br>പൂപ്പാറ | 737087 | 350000 | 21.1.21 | ലിന്റൽ |
| 8 | സതി രഘുനാഥ്<br>കണ്ണാറയിൽ<br>ശാന്തൻപാറ | 733259 | 200000 | 3.2.20 | ലിന്റൽ |
| 9 | അന്തൃപ്.എം.എ<br>പൂപ്പാറ | 1793745 | 385000 | 3.8.21 | ലിന്റൽ |

| | | | | | |
|---|---|---|---|---|---|
| 10 | മുനിയാണ്ടി ആനയിറങ്ങൾ | 736767 | 40000 | 17.1.19 | ബേസ്മെന്റ് |
| 11 | ചന്ദ്രൻ ഗനേശൻ പന്നിയാർ | 737060 | 360000 | 26.9.22 | ലിന്റൽ |
| 12 | ഇരുദയരാജ് പന്നിയാർ | 737010 | 40000 | 21.2.19 | ബേസ്മെന്റ് |
| 13 | മോഹൻ ODK ഡിവിഷൻ ദേവികുളം | 735524 | 300000 | 12.5.20 | ലിന്റൽ |
| 14 | മണികണ്ഠൻ സൈലന്റ് വാലി | 898149 | 380000 | 17.3.23 | റൂഫ് |
| 15 | തങ്കരാണി.വി പാലം പൂപ്പാറ | 955482 | 40000 | 25.3.23 | ബേസ്മെന്റ് |
| 16 | മീനാക്ഷി ബോസ് പൂപ്പാറ | 1022439 | 40000 | 21.6.23 | ബേസ്മെന്റ് |
| 17 | കൃഷ്ണമൂർത്തി പൂപ്പാറ | 160010 | 40000 | 16.8.24 | ബേസ്മെന്റ് |
| 18 | ആഷ സുരേഷ് അഞ്ചനാനിക്കൽ പന്തടിക്കളം പന്നിയാർ | 952020 | 90000 | 24.3.22 | ബേസ്മെന്റ് |
| 19 | വിനോദ്.സി ട്രൈബൽ കോളനി പന്തടിക്കളം | 948425 | 90000 | 24.3.22 | ബേസ്മെന്റ് |
| 20 | മനു.എം.ജി മാമൂട്ടിൽ പന്തടിക്കളം | 87446 | 210000 | 19.5.23 | ലിന്റൽ |
| 21 | ജാൻസിറാണി ആട്ടുവിളന്താൻകുടി | ലഭ്യമല്ല | 210000 | 27.12.23 | ബേസ്മെന്റ് |

പ്രസ്തുത വ്യക്തികളുടെ ഭവന നിർമാണത്തിലെ പുരോഗതി ഭരണസമിതി തലത്തിൽ വിലയിരുത്തി അത് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വീട് പണി പൂർത്തീകരിക്കാത്ത പക്ഷം ഗുണഭോക്താക്കൾ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കി സർക്കാർ ഫണ്ടിലേക്ക് ഒടുക്കി വിവരമറിയിക്കേണ്ടതുമാണ്.

1-18 അമൃതം ന്യൂട്രിമിക്സ് -അനർഹമായി വിതരണക്കാർക്ക് ജി.എസ്.ടി തുക നൽകി.തടസ്സം - ₹22749/-

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പദ്ധതി ,നം. | അങ്കണവാടി പോഷകാഹാരം, 43/24-25 |
| അടങ്കൽ₹ | 1500000/-(വികസന ഫണ്ട്,പൊതു വിഭാഗം സാധാ.വിഹിതം)<br>1000000/-(കേന്ദ്രാവിഷ്കൃത ഫണ്ട് ) |
| ചെലവ്₹<br>ബിൽ റഫറൻസ് നം. ,തീയതി,തുക₹ | 24100752013000435953/<br>31-07-2024/686065<br>24100752013000806279/<br>21-10-2024/274609 |

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പിന്റെ 25.05.2018 ലെ സർക്കാർ ഉത്തരവ് (സാ.ധാ) നം. 1450/2018/ ത.സ്വ.ഭ.വ പ്രകാരം അമൃതം ന്യൂട്രിമിക്സിന്റെ വില 5% ജി.എസ്.റ്റി. ഉൾപ്പെടെ ₹73.50/- യാണ്. ബിൽ ഓഫ് സപ്ലൈ പ്രകാരം ജി.എസ്.റ്റി. ഉൾപ്പെടെയുള്ള തുകയാണ് (₹73.50/-) കുമളി എ - വൺ അമൃതം ഫുഡ് സപ്ലിമെന്ററി യൂണിറ്റ് എന്ന സ്ഥാപനം ആവശ്യപ്പെട്ടിരിക്കുന്നത്. ഈ സ്ഥാപനം 9/2024 വരെ കോമ്പോസിഷൻ സ്കീം പ്രകാരമാണ് ജി.എസ്.റ്റി. രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്(GST.No. GSTIN - 32AAYFA5861DIZC). കുറഞ്ഞ ജി.എസ്.റ്റി നിരക്ക് ഒടുക്കുന്ന കോംപോസിഷൻ സ്കീം പ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്ന സ്ഥാപനത്തിന് ഉപഭോക്താക്കളിൽ നിന്നും ജി.എസ്.റ്റി. ഈടാക്കാൻ അനുവാദമില്ല. (2017 ലെ കേരളാ ഗുഡ്സ് ആന്റ് സർവീസ് ടാക്സ് റൂൾസ് - ചാപ്റ്റർ 2 (5) (F,G). ന്യൂട്രിമിക്സിന്റെ വില ₹73.50/- എന്ന് സർക്കാർ നിശ്ചയിച്ചിരിക്കുന്നത് 5% ജി.എസ്.റ്റി കൂടി ഉൾപ്പെട്ടതാണ്. ഇത് നൽകേണ്ടത് ടാക്സ് ഇൻവോയ്സ് പ്രകാരം ജി.എസ്.റ്റി ഈടാക്കാൻ കഴിയുന്ന സ്ഥാപനങ്ങൾക്കുമാത്രമാണ്.

സ്ഥാപനത്തിന് വിവിധ ബില്ലുകളിലായി അനുവദിച്ച നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം.തീയതി | ന്യൂട്രിമിക്സിന്റെ അളവ് (കി.ഗ്രാം) | ₹73.50/- നിരക്കിൽ നൽകിയ തുക₹ | ₹70/- നിരക്കിൽ നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|
| 1 | 42/19.2.24 | 789 | 57991 | 55230 | 2761 |
| 2 | 47/11.3.24 | 927 | 68134 | 64890 | 3244 |

| | | | | | |
|---|---|---|---|---|---|
| 3 | 3/24.4.24 | 771 | 56668 | 53970 | 2698 |
| 4 | 7/15.5.24 | 889.5 | 65378 | 62265 | 3113 |
| 5 | 8/12.6.24 | 771 | 56668 | 53970 | 2698 |
| 6 | 11/5.7.24 | 756 | 55566 | 52920 | 2646 |
| 7 | 13/12.8.24 | 868 | 63798 | 60760 | 3038 |
| 8 | 20/5.9.24 | 729 | 53581 | 51030 | 2551 |
| ആകെ | | | 477784 | 455035 | 22749 |

ജി.എസ്.റ്റി കോമ്പോസിഷൻ സ്കീമിൽ രജിസ്റ്റർ ചെയ്ത പ്രസ്തുത സ്ഥാപനത്തിന് 5% ജി.എസ്.റ്റി. ഉൾപ്പെടെയുള്ള തുക ₹4,77,784/- ആണ് അനുവദിച്ച് നൽകിയിട്ടുള്ളത്. എന്നാൽ 10/2024 മാസം മുതൽ ₹70/-നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. ജി .എസ് .ടി തുക ഉൾപ്പടെയുള്ള തുക മാറി നൽകിയതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.5/21-5-2025 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ ₹22749/- വിതരണക്കാരിൽ നിന്നും തിരികെ ലഭ്യമാക്കി സർക്കാർ ഫണ്ടിൽ ഒടുക്കി വിവരമറിയിക്കേണ്ടതാണ്.തുക തിരികെ ലഭ്യമാക്കുന്നത് വരെ ₹22749/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 നോട്ട് എണ്ണൽ മെഷ്യൻ വാങ്ങിയത്- അപാകത

| | |
|---|---|
| നിർവഹണം | സെക്രട്ടറി |
| പദ്ധതി | 105/25 ഫ്രണ്ട് ഓഫീസിലേയ്ക്ക് നോട്ട് എണ്ണൽ മെഷ്യനും സ്വൈപ്പിംഗ് മെഷ്യനും വാങ്ങൽ |
| അടങ്കൽ | ₹19526 (പൊതു വിഭാഗം) |
| ബിൽനം | 24100752010500570054 തീ 22.08.2024 ₹19526 |

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിലേയ്ക്ക് നോട്ട് എണ്ണൽ മെഷ്യനും സ്വൈപ്പിംഗ് മെഷ്യനും വാങ്ങൽ പദ്ധതിക്കായി ജെം (GEM)പോർട്ടൽ മുഖേന തിരുവനന്തപുരം അല്ലിയഡ് ഇലക്ട്രോണിക്സ് കോർപ്പറേഷൻ എന്ന സ്ഥാനത്തിൽ നിന്നും നോട്ട് എണ്ണൽ മെഷ്യൻ വാങ്ങിയിട്ടുണ്ട്. സ്ഥാപനത്തിന്റെ 08.08.2024- ലെ AEC/0950 നമ്പരായ ബിൽപ്രകാരം TELLER 28 മോഡലിലുള്ള മെഷ്യന് നികുതിയടക്കം ₹19526/- നൽകിയിട്ടുണ്ട്.(അക്കൗണ്ട് നം. 4000101000149 CNRB0014000). ഭൗതിക പരിശോധനയിൽ TELLER 35 മോഡലിലുള്ള മെഷ്യനാണ് ഫ്രണ്ട് ഓഫിസിലേക്ക് വിതരണം നടത്തിയതെന്ന് കാണുന്നു.




TELLER 35 മോഡലിലുള്ള മെഷ്യൻ

പ്രസ്തുത വിഷയത്തിന് ഓഡിറ്റ് എൻക്വയറി (നം:24/22.05.2025 ) നൽകിയതിന് ഏറ്റവും പുതിയ മോഡലിലുള്ള TELLER 35 മോഡലിലുള്ള മെഷ്യൻ TELLER 28 -ൻ വിലയ്ക്ക് ലഭ്യമായി എന്ന് സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ പിൻബലത്തിൽ മറുപടി ലഭ്യമാക്കി. സ്ഥാപനത്തിൽ ലഭിക്കുന്ന എല്ലാ ഉപകരണങ്ങളും ബിൽ പ്രകാരമുള്ളത് തന്നെയാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ഉപകരണത്തിന്റെ വാറന്റിയടക്കമുള്ള കാര്യങ്ങൾക്ക് ഭംഗം വരുവാൻ സാധ്യതയുണ്ട്.

1-20 എസ്.റ്റി. വിദ്യാർത്ഥികൾക്ക് പഠനമുറി - പ്രവൃത്തി പൂർത്തിയാക്കിയില്ല, ₹510000/- യുടെ ചെലവ് തടസ്സം.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി | 14/2025 വിദ്യാർത്ഥികൾക്ക് പഠനമുറി (എസ്.സി) |
| അടങ്കൽ | ₹600000/- (പൊതുവിഭാഗം) |

ഗ്രാമ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ₹2,00,000/- ചെലവഴിച്ച് വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണിത്. താഴെ പരാമർശിക്കുന്ന

വിദ്യാർത്ഥികളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവ് | ബിൽ നമ്പർ തീയതി | തുക₹ |
|---|---|---|
| അമൃത ആർ<br>D/O ആർ രാജ<br>പൂഞ്ചോലയിൽ<br>ശാന്തൻപാറ | 24100752014101145398 തീ.07.01.2025 | 50000 |
| | 24100752014101248286 തീ. 29.01.2025 | 60000 |
| | 24100752014101303961 തീ.10.02.2025 | 60000 |
| | ആകെ | 170000 |
| പ്രീതി ഇ, D/O ഇസക്കിമുത്ത്<br>ജയരാജ് ഭവൻ, പൂപ്പാറ | 24100752014101145398 തീ.07.01.2025 | 50000 |
| | 24100752014101303961 തീ.10.02.2025 | 60000 |
| | 24100752014101559356 , തീ.10.02.2025 | 60000 |
| | ആകെ | 170000 |
| അഭിരഥൻ,<br>S/O രാജ<br>ഭീമൻ വീട്<br>കുന്തന്തപ്പന്തേരി | 2410075201410364171, തീ.21.02.2025 | 30000 |
| | 24100752014101493997, തീ.11.03.2025 | 60000 |
| | 24100752014101636691, തീ.11.03.2025 | 80000 |
| | ആകെ | 170000 |
| | ഒട്ടാകെ | 510000 |

പ്രസ്തുത വിഷയത്തിന് ഓഡിറ്റ് എൻക്വയറി (20/22.05.2025) നൽകിയതിന് സ്പിൽ ഓവർ തുക ലഭിക്കുന്ന മുറയ്ക്ക് പണി പൂർത്തീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി (നം എസ്.സി2-500/2025 22.05.2025) ലഭ്യമാക്കിയിട്ടുണ്ട്. പഠനമുറി പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ₹510000/- യുടെ ചെലവ് തടസ്സം ചെയ്യുന്നു. പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 സാനിറ്ററി പാഡ് ഡിസ്ട്രോയർ പദ്ധതി- നിർവ്വഹണത്തിലെ അപാകത-ചെലവ് തടസ്സം _ ₹91090/-

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി | 109/2025 സാനിറ്ററി പാഡ് ഡിസ്ട്രോയർ |
| അടങ്കൽ | ₹200000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| വൗച്ചർ നമ്പർ , തീയതി & തുക | 22400993. തീ 12..03.2025 ₹91090/- |

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ സാനിറ്ററി പാഡ് ഡിസ്ട്രോയർ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. പദ്ധതി പ്രകാരം ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ തൊടുപുഴ റെയ്ഡ്കോയുടെ 05.03.2025 -ലെ RTZ/484/2024-25 നമ്പരായുള്ള ബിൽ പ്രകാരം രണ്ട് സാനിറ്ററി പാഡ് ഡിസ്ട്രോയർ വാങ്ങി ശാന്തൻപാറ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി (സാക്ഷ്യപത്രം നം എ.എസ് -09/2025 തീ 10.03.2025), ശാന്തൻപാറ സർക്കാർ ആർട്സ് & സയൻസ് കോളേജ് (സാക്ഷ്യപത്രം തീ 05.03.2025) എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

സർക്കാർ/എയിഡഡ് ഹൈസ്കൂൾ/ ഹയർ സെക്കന്ററി സ്കൂൾ / വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണമനുസരിച്ച് കപ്പാസിറ്റിയുള്ള വെൻഡിംഗ് മെഷ്യനും നാപ്കിൻ ഡിസ്ട്രോയറും നൽകുന്നതിനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.05.2022 –ലെ സ.ഉ. (കൈ) 115/2022 ഖ 7.4.6 പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ വിതരണം നടത്തിയ സ്ഥാപനങ്ങൾ രണ്ടും ഇത്തരത്തിലുള്ള സ്ഥാപനങ്ങളല്ല. സർക്കാർ കോളേജുകൾ ഗ്രാമപഞ്ചായത്തിന് വിട്ട് കിട്ടിയ സ്ഥാപനം അല്ല. കമ്മ്യൂണിറ്റി ഹാളുകൾ പെൺകുട്ടികളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നുവയല്ല. പ്രസ്തുത വിവരത്തിന് ഓഡിറ്റ് എൻക്വയറി (നം : 21/തീ : 22.05.2025 ) നൽകിയതിന് ശാന്തൻപാറ ഗവ.കോളേജിൽ സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ ഇല്ലാത്തതിനാലും മിക്ക ദിവസങ്ങളിൽ കമ്യൂണിറ്റി ഹാളിൽ വിവിധയിനം പരിപാടികൾ നടക്കുന്നതിനാലും പഞ്ചായത്ത് കമ്മിറ്റിയുടെ ചർച്ചയുടെ അടിസ്ഥാനത്തിൽ നാപ്കിൻ ഡിസ്ട്രോയർ നൽകിയതെന്ന മറുപടി (നം എസ്.സി –500/25 തീ 22.05.2025) ലഭ്യമാക്കി. സാനിറ്ററി പാഡ് ഡിസ്ട്രോയർ വിതരണം നടത്തിയിരിക്കുന്നത് സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ₹91090/– ചെലവ് തടസ്സം ചെയ്യുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1–22 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം. | പദ്ധതിയുടെ പേര് | നിർവ്വഹണ ഏജൻസി | ബിൽ നം./വൗച്ചർ നംപർ | ചെലവഴിച്ച തുക ₹ | നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 186/25 ശാന്തൻപാറ എഫ്.എച്ച്.സി കോമ്പൗണ്ടിലെ ഇലക്ട്രിക് ലൈൻമാറ്റി സ്ഥാപിക്കൽ | കെഎസ്ഇബി | 24100752010500780263 15.10.2024 | 50000 | സെക്രട്ടറി |
| 2 | 231/25 ചുണ്ടൽ ഭാഗത്ത് കുഴൽ കിണർ നിർമ്മാണം | കേരളാ വാട്ടർ അതോറിറ്റി | 22401075 തീ 30.03.2025 | 93044 | സെക്രട്ടറി |
| 3 | 237/25 | കേരളാ വാട്ടർ | 22401070 തീ. | 65375 | സെക്രട്ടറി |

| | | | | | |
|---|---|---|---|---|---|
| | പൂപ്പാറ ടേക്ക് എ ബ്രേക്കിന് കുഴൽ കിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും | അതോറിറ്റി | 03.03.2025 | | |
| 4 | 108/25 എംസി എഫിൽ സിസി ടിവി ക്യാമറ സ്ഥാപിക്കൽ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ , പി.ഡബ്ല്യൂ.ഡി സബ് ഡിവിഷൻ കോട്ടയം | 24100752014101645284 തീ 22.03.2025 | 329000 | അസിസ്റ്റന്റ് സെക്രട്ടറി |
| | | | 22401075 തീ 22.03.2025 | 324000 | |
| | | ആകെ | | 861419 | |

1-23 നൽകുന്ന ലാപ്ടോപ്പുകളുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല

തൻവർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 10 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം നടപ്പാക്കിയിട്ടുണ്ട്. (പദ്ധതി നം 16, പട്ടികജാതിവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്). ആലപ്പുഴ ബ്രൈറ്റ് പേൾസ് അഡ്വഞ്ചർ സ്പോർട്ട്സ് എന്ന സ്ഥാപനത്തിൽ നിന്നും ജെം മുഖേനയാണ് വാങ്ങൽ നടത്തിയിരിക്കുന്നത് (ബിൽനം 1094/02/25 തീ 13.02.2025). സ്ഥാപനം നൽകിയ ബില്ലിൽ ലാപ്ടോപ്പുകളുടെ സ്പെസിഫിക്കേഷനായി Proccessor/8G/512G/14"/Rose Gold/3year Warranty എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലാപ്ടോപ്പുകൾ വിതരണം നടത്തുമ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.05.2022 - ലെ സ. ഉ. (കൈ)115/2022, അനുബന്ധം -4 പ്രകാരമുള്ള എല്ലാ സ്പെസിഫിക്കേഷനുകളും ഉണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

1-24 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് | 56/25, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| അടങ്കൽ | ₹200000/- |
| ബിൽ നം./തീയതി/തുക | 24100752008001449554/ 07.03.2025₹200000/- |

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങലിനായി ആകെ ₹2,00,000/- ഹോംകോയിൽ ഒടുക്കിയിരുന്നെങ്കിലും മരുന്ന് നാളിതുവരെയും ലഭ്യമായിട്ടില്ല. ₹2,00,000/- യുടെ മരുന്ന് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്. മരുന്ന് വാങ്ങൽ പദ്ധതികൾ സമയബന്ധിതമായി ഏറ്റെടുക്കുന്നതിനും സാമ്പത്തിക വർഷാവസാനം വരെ കാത്തിരിക്കാതെ മുൻകൂട്ടി തുക ഒടുക്കി മരുന്ന് ലഭ്യത ഉറപ്പാക്കേണ്ടതുമാണ്.

1-25 വനിതാ വിപണന കേന്ദ്രം പദ്ധതി ഉപയോഗപ്രദമാക്കിയിട്ടില്ല

പ്രൊജക്റ്റ് നമ്പർ - 119/25,151/25 (സ്പിൽ ഓവർ)

പ്രൊജക്റ്റ് - വനിതാ വിപണന കേന്ദ്രം നിർമാണം

പൊതുവിഭാഗം - ₹4,00,000/-

ബ്ലോക്ക് വിഹിതം- ₹ 5,00,000/-,

ജില്ലാ പഞ്ചായത്ത് വിഹിതം - ₹ 10,00,000/-

നിർവഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ബിൽ നമ്പർ 47/24-25 തിയതി 26-03-25, 49/24-25 തിയതി 26-03-25

ചെലവ് - ₹ 3,74,618/-, പൊതുവിഭാഗം- ₹10,00,000/-

ജില്ലാ പഞ്ചായത്ത് വിഹിതം ആകെ ₹ 13,74,618/-

കരാറുകാരൻ - ജൂബിൻ കെ ജെ

വനിതാ വിപണന കേന്ദ്രം നിർമാണം എന്ന പദ്ധതിയിൽ പൂപ്പാറയിലുള്ള പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് കെട്ടിടത്തിന്റെ രണ്ടാംനിലയിൽ വനിതാ വിപണന കേന്ദ്രം നിർമ്മിക്കാനാണ് പദ്ധതി വിഭാവനം ചെയ്തത്, എന്നാൽ ഓഡിറ്റ് വിഭാഗം 21.05.25ൽ നേരിട്ട് നടത്തിയ പരിശോധനയിൽ നിർമാണം പൂർത്തിയാക്കി പദ്ധതി ഉപയോഗപ്രദമാക്കിയിട്ടില്ല എന്ന് കണ്ടെത്താനായി. മുൻ വർഷങ്ങളിലും തൻ വർഷവും വകയിരുത്തിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തിയ തുക | ചെലവ് തുക ₹ |
|---|---|---|
| 2023-24 | 12,00,000/- (വികസന ഫണ്ട് പൊതുവിഭാഗം) (തൻവർഷം സ്പിൽ ഓവർ) | 5,17,162/- |
| 2024-25 | ₹19,00,000/- (വികസന ഫണ്ട് പൊതുവിഭാഗം ₹4,00,000/-ബ്ലോക്ക് വിഹിതം ₹5,00,000/-, ജില്ലാ പഞ്ചായത്ത് വിഹിതം ₹ 10,00,000/-) | 13,74,618/- |

പദ്ധതി ഉപയോഗപ്രദമാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പ് നമ്പർ 14/22-05-25 ന് മറുപടി ലഭ്യമാക്കിയില്ല . വനിതാ വിപണന കേന്ദ്രം പ്രവർത്തന ക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-26 കാലിവീപ്പ വില,ചരക്കു-സേവന നികുതി എന്നിവ സർക്കാരിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്

അസി.എഞ്ചിനീയർ തൻവർഷം നടപ്പാക്കിയ ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽബില്ലിൽനിന്ന് കാലി വീപ്പയുടെ വിലയിനത്തിൽ ഈടാക്കിയ ₹42712/ (ജി.എസ്.ടി ഉൾപ്പടെ) തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതായി തൻവർഷ പരിശോധനയിൽനിന്ന് വ്യക്തമായിട്ടുണ്ട്. കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. ഈടാക്കിയ കാലിവീപ്പ വില, ചരക്കു-സേവന നികുതി എന്നിവ നിശ്ചിത ശീർഷകങ്ങളിൽ സർക്കാരിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പ് നമ്പർ 9/22-05-25ന് മറുപടി ലഭ്യമാക്കിയില്ല. തുകകൾ നിശ്ചിത ശീർഷകങ്ങളിൽ സർക്കാരിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-27 പഴയ മോട്ടോർ പഞ്ചായത്ത് സെക്രട്ടറിക്കു കൈമാറി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് നമ്പർ -188/25

പ്രോജക്ട്- ആയുർവേദ ആശുപത്രിയിൽ മോട്ടോർ സ്ഥാപിക്കൽ

വകയിരുത്തിയ തുക - ₹ 50000/- ചെലവ് തുക - ₹ 49673/- ബിൽ നമ്പർ 21/24-25

തീയതി -16-01-25

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (റോഡിതരം )

കരാറുകാരൻ – കലേഷ് കുമാർ പി പി

ശാന്തൻപാറ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹിച്ച ആയുർവേദ ആശുപത്രിയിൽ മോട്ടോർ സ്ഥാപിക്കൽ എന്ന പദ്ധതിയുടെ ഭാഗമായി നിലവിലുണ്ടായിരുന്ന കേടായ മോട്ടോർ മാറ്റി പുതിയ 2 HP മോട്ടോർ വച്ചപ്പോൾ പഴയ മോട്ടോർ ലേലം ചെയ്തു പഞ്ചായത്തു ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. പഴയ മോട്ടോർ പഞ്ചായത്ത് സെക്രട്ടറിക്കു കൈമാറണമെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പ് നമ്പർ 10/23-05-25 നു മറുപടി ലഭ്യമാക്കിയില്ല. മോട്ടോർ ലേലം ചെയ്തു പഞ്ചായത്തു ഫണ്ടിലേക്ക് മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

1-28 കാലതാമസം വരുത്തിയതിന് കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയില്ല

പൊതുമരാമത്ത് പ്രവൃത്തികൾ കരാറുകാരുടെ എഗ്രിമെന്റ് പ്രകാരമുള്ള നിശ്ചിത സമയപരിധിയ്ക്കകം പൂർത്തിയാക്കാതെ കാലതാമസം വരുത്തിയതിന് കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല. കരാറുകാരന്റെ പിഴവ് മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PACയുടെ 1 % ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണകാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതുമാണെന്ന് 2012-ലെ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112 ന് വിശദീകരണമായി പുറപ്പെടുവിച്ച ത.സ്വ.ഭ.വ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്നപക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല. എന്നാൽ നിശ്ചിത സമയപരിധിക്കകം പൂർത്തീകരിക്കാത്ത പൊതുമരാമത്ത് പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, കരാറുകാരൻ, ബിൽ നമ്പർ/തീയതി | ചെലവ് തുക | പ്രവൃത്തിസ്ഥലം കൈമാറിയ തീയതി | എഗ്രിമെന്റ് പ്രകാരം പൂർത്തീകരണ കാലയളവ് | പൂർത്തീകരിച്ച തീയതി |
|---|---|---|---|---|
| പ്രവർത്തിയുടെ പേര് – | 562646/- ബിൽ നമ്പർ | 14.03.2024 | ഒരു വർഷം | പണി നടക്കുന്നു |

| | | | | |
|---|---|---|---|---|
| ശങ്കര പാണ്ടിമേട്ട് അങ്കണവാടി കരാറുകാരൻ - ബേസിൽ ഐപ്പ് | 45/24-25 തീയതി 26-03-2025 | | | |

മേൽവിവരിച്ച പ്രവൃത്തിയിൽ സമയദൈർഘ്യം നീട്ടി നൽകുന്നതിന് സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. പൂർത്തീകരണത്തിന് കാലതാമസം വരുത്തിയതിന്മേൽ ഫൈൻ ഈടാക്കിയിട്ടില്ല. പ്രവർത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഫൈൻ ഇനത്തിൽ ഈടാക്കേണ്ട തുക ഫൈനൽ ബില്ലിൽ കുറവ് ചെയ്യേണ്ടതാണ്. ഫൈൻ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നമ്പർ 15/22-05-25 ന് മറുപടി ലഭ്യമാക്കിയില്ല.ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29 ഇ-ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഇ-ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ബിഡ് സബ്മിഷൻ ഫീ (ജി.എസ്.ടി ഉൾപ്പെടെ) ഇനത്തിൽ കരാറുകാർ അടവാക്കുന്ന തുകകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് നിലവിലും ക്രെഡിറ്റ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിന് ഇ-ടെണ്ടർ ഇനത്തിൽ 2024-25 വർഷം കൈമാറി ലഭിക്കാനുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നമ്പർ 14/22-05-25 ന് മറുപടിയായി 91060/- രൂപ ഈ ഇനത്തിൽ ലഭ്യമാകാനുണ്ടെന്നറിയിച്ചു. ഈ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അസി. എൻജിനിയറുടെ പേരിൽ ദേശസാത്കൃത ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് തുടർന്നുള്ള വർഷങ്ങളിലെ ടെൻഡർ ഫോം വില അതിലൂടെ ശേഖരിക്കുവാനും, യഥാസമയം ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ക്രമീകരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-30 പട്ടികജാതി തൊഴിൽ പരിശീലന കേന്ദ്രം ഉപയോഗപ്രദമാക്കിയില്ല

പ്രൊജക്റ്റ് നമ്പർ : 203/25

പ്രൊജക്റ്റ് : പട്ടിക ജാതി തൊഴിൽ പരിശീലന കേന്ദ്രം നിർമാണം

ഫണ്ട് : വികസന ഫണ്ട് -എസ് സി പി 50,000/-, ജില്ലാ പഞ്ചായത്ത് വിഹിതം 15,00,000/-

നിർവഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

ബിൽ നമ്പർ : 47/24-25 തിയതി 26-03-25

ചെലവ് : 1063079/- (ജില്ലാ പഞ്ചായത്ത് വിഹിതം മാത്രം )

പട്ടിക ജാതി തൊഴിൽ പരിശീലന കേന്ദ്രം എന്ന പദ്ധതിയിൽ പൂപ്പാറയിലുള്ള പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് കെട്ടിടത്തിന്റെ രണ്ടു മൂന്ന് നിലകളിലായി പരിശീലന കേന്ദ്രം നിർമ്മിക്കാനാണ് പദ്ധതി വിഭാവനം ചെയ്തത് . എന്നാൽ ഓഡിറ്റ് വിഭാഗം 21.05.25-ന് നേരിട്ട് നടത്തിയ പരിശോധനയിൽ നിർമാണം പൂർത്തിയാക്കി പദ്ധതി ഉപയോഗപ്രദമാക്കിയില്ല എന്ന് കണ്ടെത്താനായി. പദ്ധതി ഉപയോഗപ്രദമാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പ് നമ്പർ 14/22-05-25 ന്റെ മറുപടി ലഭ്യമാക്കിയില്ല. പട്ടിക ജാതി തൊഴിൽ പരിശീലന കേന്ദ്രം പ്രവർത്തന ക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-31 ജലജീവൻ മിഷൻ പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തത മൂലം ഈ പദ്ധതിയിൽ നാളിതുവരെ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി (4/22.05.2025) ന് മറുപടി നൽകിയിട്ടുണ്ട്.

## 1-32 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-22 മുതൽ 2025-26 വരെ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. സ്കീമുകൾ താഴെ നൽകുന്നു.

<u>സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം</u>

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക മാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിട നിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

<u>സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം</u>

ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ

<u>സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ</u>

പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ

ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയം സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാല രോഗികൾക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ കോർപ്പറേഷനും പരിശീലനവും ഉൾപ്പെടുന്നു.

സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

ഫണ്ട് വിശകലനം

ശാന്തൻപാറ ഗ്രാമപഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റ് താഴെ നല്കുന്നു.

| ഡയഗ്നോസ്റ്റിക് ഇൻഫ്രാ സ്ട്രക്ചർ | | | | ഹെൽത്ത് & വെൽനസ്സ് സെന്റർ | | |
|---|---|---|---|---|---|---|
| വർഷം | ഗ്രാന്റ് | പലിശ | ആകെ | ഗ്രാന്റ് | പലിശ | ആകെ |
| 2021-22 | 0 | 0 | 0 | 0 | 0 | 0 |
| 2022-23 | 236447 | 2472 | 238919 | 110000 | 1230 | 111230 |
| 2023-24 | 712000 | 9546 | 721546 | 311000 | 2667 | 313667 |
| 2024-25 | 297000 | 6089 | 303089 | 495000 | 2015 | 497015 |
| നീക്കിയിരിപ്പ് തുക (31.03.2025) | ₹318375 (754102010005074 | | | ₹504215 (754102010005076 | | |

| | | |
|---|---|---|
| | യു.ബി.ഐ ശാന്തൻപാറ) | യു.ബി.ഐ ശാന്തൻപാറ) |

സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം എന്ന ഹെഡിൽ 2024-25 വർഷം ഗ്രാമപഞ്ചായത്തിന് ₹241/- വരവുണ്ട്. പ്രസ്തുത തുക ഗ്രാന്റിനമോ ഗ്രാന്റിന് ലഭിച്ച പലിശയോ അല്ല. ശ്രീമതി ഐഷ എ.പി. അരുവിക്കൽ , ചോറ്റുപാറ എന്ന വ്യക്തി പഞ്ചായത്തിതര സ്ഥാപനത്തിൽ ₹50000/- അടവാക്കിയത് ഗ്രാമപഞ്ചായത്തിന്റെ 7541020100075(യു.ബി.ഐ ശാന്തൻപാറ) എന്ന അക്കൗണ്ടിൽ തെറ്റായി ക്രഡിറ്റ് ചെയ്തതിന് ( തുക തിരികെ നൽകി) ബാങ്ക് നൽകിയ പലിശയുമാണ്. പലിശതുക തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം പ്രതിഫലിക്കുന്നുണ്ട്.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിഭാവനം ചെയ്ത പദ്ധതികൾ

| വർഷം | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|
| 2021-22 | ഇല്ല | | |
| 2022-23 | 173/23 ശാന്തൻപാറ കുടുംബാരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ ഉപകരണങ്ങൾ | 236447 | 0 |
| | 174/23ശാന്തൻപാറ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 110000 | 107361 |
| 2023-24 | 133 /24 ശാന്തൻപാറ കുടുംബാരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ ഉപകരണങ്ങൾ | 236447 | 236447 |

| | | | |
|---|---|---|---|
| | 191/24 ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 311000 | 296441 |
| | 190/24 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 712000 | 712000 |
| 2024-25 | 253/25 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 297000 | 0 |
| | 254/25 ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 495000 | 0 |
| | 226/25 ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 14559 | 14559 |

ഹെൽത്ത് ഗ്രാന്റ് വിനിയോഗം

1 സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം

ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് അനുവദിച്ചിട്ടില്ല.

2 സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

വിഭാവനം നടത്തിയ പദ്ധതികൾ

| വർഷം | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|
| 2022-23 | 173/23 ശാന്തൻപാറ കുടുംബാരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ ഉപകരണങ്ങൾ | 236447 | 0 |
| 2023-24 | 133 /24 ശാന്തൻപാറ കുടുംബാരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ ഉപകരണങ്ങൾ | 236447 | 236447 |
| | 190/24 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 712000 | 712000 |
| 2024-25 | 253/25 ആരോഗ്യ സ്ഥാപനങ്ങളിൽ | 297000 | 0 |

| | | | |
|---|---|---|---|
| | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | | |

<u>നടപ്പിലാക്കിയ പദ്ധതികൾ</u>

2022-23, 2024-25 വർഷങ്ങളിൽ പദ്ധതി വിഭാവനം നടത്തിയെങ്കിലും നടപ്പിലാക്കിയിട്ടില്ല. 2023-24 ൽ പദ്ധതിയിൽ വാങ്ങിയ ഉപകരണങ്ങൾ താഴെ നൽകുന്നു.

| പദ്ധതി | ക്രമ നം | ഉപകരണം | വാങ്ങിയ സ്ഥാപനം | ബിൽ നം & തീയതി | തുക ₹ |
|---|---|---|---|---|---|
| ശാന്തൻപാറ കുടുംബാരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ (നം 133 /24) | 1 | ഓൺകോൾ പ്ലസ് ടെസ്റ്റ് സ്ട്രിപ് | പ്രധാൻ മന്ത്രി ജൻ ഔഷധി കേന്ദ്രം രാജാക്കാട് | 11004/ 07.11.2023 | 32000 |
| | 2 | ഇന്നോലൈറ്റ് പ്ലസ് ഇലക്ട്രോലൈറ്റ് അനലൈസർ (K/Na) & അനുബന്ധം | ലാബക്സ് തിരുവനന്തപുരം | BC/4576 31.01.2024 | 80712 |
| | 3 | തൈറോയിഡ് മെഷ്യൻ | കാർത്തിക എന്റർപ്രൈസസ് | KE-253/2023-24 16.03.2024 | 123735 |
| | | | ആകെ | | 236447 |
| 190/24 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 1 | ഹേമറ്റോളജി അനലൈസർ & വയറിംഗ് | ലാബക്സ് തിരുവനന്തപുരം | BC/4409 19.01.2024 | 334970 (325680 & 9290) |
| | 2 | കസേര, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ | വിവിധ സ്ഥാപനങ്ങൾ | | 59215 |
| | 3 | ലാബ് സ്റ്റേഷനറി, ഫർണീച്ചർ, സൈൻ ബോർഡ് | വിവിധ സ്ഥാപനങ്ങൾ | | 33358 |
| | 4 | വിവിധ റീ ഏജന്റുകൾ | കാർത്തിക എന്റർപ്രൈസസ് എറണാകുളം | വിവിധ ബില്ലുകൾ | 284457 |
| | | ആകെ | | | 712000 |




ഇന്നോലൈറ്റ് പ്ലസ് ഇലക്ട്രോലൈറ്റ് അനലൈസർ (K/Na)




തൈറോയിഡ് മെഷ്യൻ




ഹേമറ്റോളജി അനലൈസർ

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

വിഭാവനം നടത്തിയ പദ്ധതികൾ

| വർഷം | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|
| 2021-22 | ഇല്ല | | |
| 2022-23 | 174/23ശാന്തൻപാറ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 110000 | 107361 |
| 2023-24 | 191/24 ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 311000 | 296441 |
| 2024-25 | 254/25 ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 495000 | 0 |
| | 226/25 ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 14559 | 14559 |

2024-25 വർഷം ₹ 495000/- അടങ്കലിൽ പദ്ധതി നം 254/25 ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ വിഭാവനം ചെയ്തെങ്കിലും നടപ്പിലാക്കിയിട്ടില്ല.

നടപ്പാക്കിയ പദ്ധതികൾ.

| പദ്ധതി | ക്രമ നം | ഉപകരണം/ മരുന്ന് | വാങ്ങിയ സ്ഥാപനം | ബിൽ നം & തീയതി | തുക ₹ |
|---|---|---|---|---|---|
| 174/23ശാന്തൻപാറ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 1 | തെർമോ മീറ്റർ | നീതി മെഡിക്കൽസ് ശാന്തൻപാറ | 16787/22.01.2023 | 140 |
| | 2 | വിവിധ ചെറിയ ഉപകരണങ്ങൾ | പെരുമ്പാവൂർ സർജിക്കൽസ് | R0017959 06.02.2023 | 68970 |
| | 3 | വിവിധ ചെറിയ ഉപകരണങ്ങൾ | കേരളാ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെടുംങ്കണ്ടം | 0604302/22891 03.03.2023 | 38251 |
| | | | ആകെ | | 107361 |
| 191/24 ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 1 | വിവിധ ചെറിയ ഉപകരണങ്ങൾ | നീതി മെഡിക്കൽസ് തൊടുപുഴ | 2324269110781 11.01.2024 | 49998 |
| | 2 | വിവിധ ചെറിയ ഉപകരണങ്ങൾ | നീതി മെഡിക്കൽസ് തൊടുപുഴ | 2324269110729 10.01.2024 | 49744 |
| | 3 | ഓഫീസ് സ്റ്റേഷനറി | ഗംഗോത്രി ഇൻഡസ്ട്രസ് കോവൂർ | 23-24/68 09.03.2024 | 39825 |
| | 4 | ഓഫീസ് സ്റ്റേഷനറി | റോസ് കളക്ഷൻ രാജകുമാരി | 1572 12.03.2024 | 8000 |
| | 5 | സ്ററീൽ ടേബിൾ | ആർട്ട്കോ ചെങ്ങന്നൂർ | ALP 576 15.03.2024 | 7006 |
| | 6 | വിവിധ ഉപകരണങ്ങൾ | കാർത്തിക എന്റർപ്രൈസസ് എറണാകുളം | വിവിധ ബില്ലുകൾ | 128540 |
| | 7 | വാട്ടർ പ്യൂരിഫയർ | സിഡ്കോ ഒല്ലൂർ | 121/2023-24 18.03.2024 | 13328 |
| | | | ആകെ | | 296441 |
| 226/25 ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | | ചെറിയ ഉപകരണങ്ങൾ | ജനമൈത്രി ഭാരതീയ ജൻ ഔഷധി രാജകുമാരി | 13750 20.12.2024 | 14561 |

വാട്ടർ പ്യൂരിഫയർ വാങ്ങിയത് രാജാപ്പാറ സബ് സെന്ററിന് കൈമാറിയിട്ടുണ്ട്.

സ്കീം-4 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. പ്രസ്തുത ഗ്രാന്റ്

ഉപയോഗിച്ച് നടപ്പാക്കേണ്ട ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായ പ്രോത്സാഹിപ്പിക്കൽ പരിപാടികൾ നടത്തിയിട്ടില്ല എന്ന് കാണുന്നു. ഹെക്ടറുകൾ വിസ്തൃതിയുള്ള എസ്റ്റേറ്റ്, വനപ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള ദുർഘട പ്രദേശങ്ങൾ, മലയോര മേഖല എന്നിവയെല്ലാം ഉൾപ്പെടുന്ന സാധാരണ ഗ്രാമപഞ്ചായത്താണ് ശാന്തൻപാറ. ഈ ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കാർഷിക മേഖല, മൃഗസംരക്ഷണ മേഖല, എസ്റ്റേറ്റിൽ തൊഴിൽ എന്നിവയിൽ നിന്നും അന്നന്നുള്ള വരുമാനം നേടുന്നവരാണ്. അവരിൽ ആരോഗ്യ വർദ്ധക സേവനങ്ങളായ ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായ സംഘടിപ്പിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു.

ഓരോ സാമ്പത്തിക വർഷവും അവസാനത്തെ ആഴ്ചകളിലാണ് തൻവർഷത്തെ ഗ്രാന്റുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്നത്. ആയതിനാൽ പദ്ധതികൾ സ്പിൽ ഓവറായി അടുത്ത വർഷങ്ങളിലേക്ക് നീണ്ടുപോകുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്ത് വരുന്നു. സമയാസമയങ്ങളിൽ തന്നെ ഗ്രാന്റ് ലഭ്യമാകുന്ന സാഹചര്യങ്ങളിൽ പദ്ധതികൾ യഥാവിധി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് നൽകിയ തുകയുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 29970 | തരിശുഭൂമിയിൽ വിഷരഹിത പച്ചക്കറി കൃഷിക്ക് സബ്സിഡി (130/25) | 29970 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 212075 | വിത്തും വളവും വിതരണം (239/25) | 212075 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 150000 | ലൈഫ് മിഷൻ ജനറൽ (18/25) | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 190000 | ലൈഫ് മിഷൻ എസ് റ്റി (21/25 | 190000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 90000 | മാനസികവും ശാരീരികവുമായ വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് (42/25) | 90000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-2025 | 498364 | അംഗൻവാടികൾ സ്മാർട്ട് അംഗൻവാടികൾ ആക്കൽ (172/25) | 498364 | 0 |
| ആകെ | | 1170409 | | 1170409 | |
| ജില്ലാ പഞ്ചായത്ത് | 2024-25 | 50000 | സ്ഥിരം കൃഷിക്ക് ധനസഹായം (96/25) | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 400000 | ലൈഫ് മിഷൻ എസ് സി (19/25) | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 730000 | ലൈഫ് മിഷൻ ജനറൽ(18/25) | 730000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 210000 | ലൈഫ് മിഷൻ എസ് റ്റി (21/25) | 210000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 39000 | മാനസികവും ശാരീരികവുമായ വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് (42/25) | 39000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 199010 | ക്ഷീരകർഷകർക്ക് സബ്സിഡി (92/25) | 199010 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1000000 | പൂപ്പാറ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ വനിത വിപണന കേന്ദ്രം (151/25) | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1063079 | പട്ടികജാതി വനിതാ തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം (203/25 | 1063079 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 230000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (17/25) | 230000 | 0 |
| ആകെ | | 3921089 | | 3921089 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | നിർവ്വഹണ ഏജൻസി | ബിൽ നം./ വൗച്ചർ നമ്പർ | തുക | ചെല വഴിച്ച തുക ₹ | പൂർത്തി കരിച്ച വിവരം | ബാ ക്കി തുക ₹ |
|---|---|---|---|---|---|---|---|
| 1 | 186/25 ശാന്തൻപാറ എഫ്.എച്ച്.സി കോമ്പൗണ്ടിലെ ഇലക്ട്രിക് ലൈൻമാറ്റി സ്ഥാപിക്കുന്നതിന് കെഎസ്ഇബി ക്ക് തുക കൈമാറൽ | കെഎസ്ഇബി | 24100752010500780263/ 10/10/25 | 50000 | 50000 | - | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 231/25<br>ചുണ്ടൽ ഭാഗത്ത് കുഴൽ കിണർ നിർമ്മാണം | കേരളാ വാട്ടർ അതോറിറ്റി | XV FC 2024-25/ P/55/03.03.2025 | 93044 | 93044 | - | |
| 3 | 237/25<br>പൂപ്പാറ ടേക്ക് എ ബ്രേക്കിന് കുഴൽ കിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും | കേരളാ വാട്ടർ അതോറിറ്റി | XV FC 2024-25/ P/56/03.03.2025 | 65375 | 65375 | 0 | |
| 4 | 108/25<br>എംസി എഫിൽ സിസി ടിവി ക്യാമറ സ്ഥാപിക്കൽ | | 566/25/ 22/03/25<br>567/25/22/03/25 | 329000<br>324000 | 329000<br>324000 | 0 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | തൻ വർഷ വായ്പ തുക₹ | ആകെ വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | 0 | 26123175 | 22666921 | 3713789+6636 | - | 18959768 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹746193 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | ₹41979 |
| ആകെ | ₹788172 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹788172 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ് ) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.1.193, നെടുങ്കണ്ടം (സർട്ടിഫിക്കറ്റ് നം.412) | 30.04.2023 | 2 വർഷം | 246193 | |
| 2 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.1.193, നെടുങ്കണ്ടം (സർട്ടിഫിക്കറ്റ് നം.531 | 24.04.2024 | 2 വർഷം | 541979 | |
| ആകെ | | | | 788172 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-1 | 2006-07 | 3.35.3 | നിയമപരമായ | - |

| | | | | | |
|---|---|---|---|---|---|
| | | | | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി 2015-16 | - |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1998-99 | 25 | P. A. Sathidas, Secretary, | LF.15634/ SC2/02 Dt.21.05.03 | 3211 | തുക അടവാക്കിയിട്ടില്ല | ഇല്ല | | | | | 3211 | |
| 2 | 1999-2000 | 26 | P. D. Raveendran, Secretary | LF. 22159/03 Dt.24.7.04 | 26800 | തുക അടവാക്കിയിട്ടില്ല | | | | | | 26800 | |
| 3 | 2001-2002 | 2-6 | V. Jayaprakash | LF 14469/05 Dt.25.9.06 | 2288 | തുക ഈടാക്കിയിട്ടില്ല | | | | | | 2288 | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 28, 32, 35, 41, | P.A. Sathidas, Secretary | LF 15634/ SP.Cell/ S.C2/02 Dt.21.5.03 | 7591 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 7591 | |
| 2 | 1998-99 | 39 | Varghese Samuel, Agri Officer | LF 15634/ SP.Cell/ S.C2/02 Dt.27.3.03 | 37430 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | CMA 118/03, Dist Court, Thodu Puzha To DD Dated 25.02.04 | | | | 37430 | |
| 3 | 1999-00 | 44 | P. D. Raveendran, Secretary | LF 22159/ SP.Cell/ S.C2/03 Dt.24.7.04 | 4700 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 4700 | |
| 4 | 1999-2000 | 46 | K. Vijayakumar, Secretary | LF 22159/ SP.Cell/ S.C2/03 Dt.24.7.04 | 37000 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 37000 | |
| 5 | 1999-2000 | 43 | A. Saydu, Secretary | LF 22159/ SP.Cell/ S.C2/03 Dt.24.7.04 | 8000 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 8000 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹25813469 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹39521615 |
| ആകെ | ₹65335084 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹ 32694028 |
| നീക്കിയിരിപ്പ് | ₹32641056 |
| കുറിപ്പ്: ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ റെസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത് | |
| വരവിനങ്ങളിലുളള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുളള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1229699 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|---|
| | ചാർജ്ജ് ₹ | സർ ചാർജ്ജ് ₹ | |
| | - | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-16 | 605860 | ശ്രീ റംഷാദ് എ, സെക്രട്ടറി |
| 1-18 | 22749 | ശ്രീമതി.വിൻസി സ്കറിയ<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | | |
|---|---|---|
| 1-20 | 510000 | ശ്രീ ബൈജു റ്റി.പി , അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 91090 | ശ്രീ ബൈജു റ്റി.പി , അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 1229699 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| | ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ) ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ റംഷാദ് എ,സെക്രട്ടറി | സെക്രട്ടറി,ശാന്തൻപാറ ഗ്രാമപഞ്ചായത്ത് | കുളപറമ്പിൽ,മേമന, ഓച്ചിറ,കൊല്ലം ജില്ല |
| ശ്രീ ബൈജു റ്റി.പി , അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി ശാന്തൻപാറ ഗ്രാമപഞ്ചായത്ത് | മംഗലത്ത് വീട് കോട്ടുകൽ പോസ്റ്റ് അഞ്ചൽ, കൊല്ലം ജില്ല 691306 |
| ശ്രീമതി.വിൻസി സ്കറിയ ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വിൻസി സ്കറിയ ഐ.സി.ഡി.എസ് സൂപ്പർവൈസർ, ശാന്തൻപാറ ഗ്രാമപഞ്ചായത്ത് | കോട്ടപ്പള്ളിൽ, നെറ്റിത്തൊഴ പി.ഒ, നെറ്റിത്തൊഴ. 685561 |

4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ നമ്പർ |
|---|---|---|---|
| 1998-99 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 6 | 25, 28, 32, 35, 39, 41 |
| 2000-01 | കെ.എസ്.എ.ഐ.ഡി.കെ.പി 4-1453/2022/ 28.09.22 (അദാലത്ത്) | 1 | 37 |
| 2001-02 | കെ.എസ്.എ.ഐ.ഡി.കെ.പി 4/1453 /2022/ 28.09.22 (അദാലത്ത്) | 1 | 2-6 |
| 2003-04 | കെ.എസ്.എ.ഐ.ഡി. കെ.പി 4/1453/2022/ 28.09.22 (അദാലത്ത്) | 1 | 2-1 |
| 2007-08 | കെ.എസ്.എ.ഐ.ഡി.കെ.പി 4-1453/2022/ 28.09.22 (അദാലത്ത്) | 4 | 3-5, 3-7, 3-8, 3-9 |
| 2010-11 2011-12 | കെ.എസ്.എ.ഐ.ഡി.കെ.പി 4-1453/2022/ 28.09.22 (അദാലത്ത്) | 6 | 2-1(ബി), 3-4, 3-7, 3-8, 3-9, 3-11 |
| 2013-14 & 2014-15 | കെ.എസ്.എ.ഐ.ഡി.കെ.പി 4-1453/2022/ 28.09.22 (അദാലത്ത്) | 6 | 3-3, 3-4, 3-7, 3-11, 3-12, 3-18 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.പി 4-1453/2022/ 28.09.22 (അദാലത്ത്) | 1 | 2-1 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.പി 4-1453/2022/ 28.09.22 (അദാലത്ത്) | 2 | 3-1, 3-7 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.പി 4-1453/2022/ 28.09.22 (അദാലത്ത്) | 11 | 2-1, 2-3, 2-4, 3-3, 3-4, 3-6, 3-7, 3-8, 3-9, 3-11, 3-12 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ.പി 4-1453/2022/ 28.09.22 (അദാലത്ത്) | 9 | 2-1, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-14 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ.-പി4/974/ 22 തീ. 02.03.2023 (FR) | 11 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-20 3-2 , 3-3, 4-5 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ.- പി4-580/25/ 16.05.25 | 22 | 1-13, 1-15, 1-16, 1-17, 1-18, 1-19, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-30, 1-31, 1-32, 2-1, 3-1, 3-2, 3-3, 3-4, 3-5 |
| 2021-22 | കെ.എസ്.എ-ഐ.ഡി.കെ. പി4/113/ 2023/21.03.24 | 7 | 1-9, 1-10, 1-11, 1-15, 1-19, 1-20, 1-21 |
| 2022-23 | കെ.എസ്.എ-ഐ.ഡി.കെ. പി4-1139/2023 തീ. 22.03.2024(FR) | 17 | 1-11,1-12, 1-13, 1-15, 1-16, 1-17, 1-18, 1-19-1, 1-19-2, 1-22, 1-23, 1-24, 1-25, |

| | | | |
|---|---|---|---|
| | | | 1-26, 1-27, 3-2, 3-3 |
| 2023-2024 | കെ.എസ്.എ-ഐ.ഡി.കെ. പി4-599/2025 തീ. 23.01.2025 | 26 | 1-1-4, 1-1-5, 1-1-7,1-1-8, 1-9 മുതൽ 1-13 വരെ 1-15 മുതൽ 1-30 വരെ 3-1 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# Annexure-1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2(1) dated 07-05-2025 and submitted on 07-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Santhanpara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Santhanpara Grama Panchayat as on 31-03-2025

Date: 03/07/2025 Deputy Director

Kerala State Audit Department

Audit Report appended to the Audit Certificate of Santhanpara Grama Panchayat for the Year 2024-2025.

1.Major Observations

1. Non Disclosure of Assets

2.Other Observations

1. All mandatory Financial Statements prescribed in the accounting rule are not included with AFS
2. Net Incease/Decrease in cashflow does not match with the difference between the opening balance and closing balance of cash and equivalents.
3. Lapses in making timely and accurate demand entries in respect of tax and non tax revenue.
4. Lack of Authenticated journel vouchers for supporting the adjustment entries.
5. Not providing adequate provision for doubtful debts.
6. Demand Registers do not match with accounts.
7. Amount collected in terms of VAT, Flood cess etc..not transfered into Govt. Fund

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്